"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാരം- കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.ടി.ഡി.സി)- ഹെൽപ്പർ തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ ശ്രീ. വിജയൻ കെ. യുടെ മകൻ ശ്രീ.വിപിൻ. വി-യ്ക്ക് ആശ്രിതനിയമന പദ്ധതി പ്രകാരം നിയമനം നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.**19/2024/TSM** തീയതി,തിരുവനന്തപുരം, **19-10-2024**

---

പരാമർശം:-

1. **07.06.2007**-ലെ സ.ഉ.(പി) നം. **32/2007**/പ്ലാനിംഗ്.
2. **05.06.2010**-ലെ സ.ഉ.(പി) നം. **28/2010**/പ്ലാനിംഗ്.
3. **22.11.2018**-ലെ സ.ഉ(പി) നം. **18/2018**/പ്ലാനിംഗ്.
4. **26.08.2023**- ലെ സ.ഉ.(പി) നം. **17/2023**/പ്ലാനിംഗ്.
5. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ ഹെൽപ്പർ തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ ശ്രീ. വിജയൻ കെ. യുടെ മകൻ ശ്രീ. വിപിൻ- വി യുടെ **04.07.2022**-ലെ അപേക്ഷ.
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ **25.01.2024**- ലെ **DCTVM/8873/2022-S6** നമ്പർ കത്ത്.
7. കെ.ടി.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ **03.07.2024**-ലെ **KTDC/PA2/DH/Vipin/2024** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**1.** കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.ടി.ഡി.സി) ഹെൽപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ **10.02.2022** തീയതിയിൽ മരണപ്പെട്ട ശ്രീ. വിജയൻ കെ. യുടെ മകനായ ശ്രീ.വിപിൻ. വി, ആശ്രിതനിയമന പദ്ധതി പ്രകാരം കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച പരാമർശം (5) പ്രകാരമുള്ള അപേക്ഷയും, തിരുവനന്തപുരം ജില്ലാ കളക്ടറുടെ പരാമർശം (6) പ്രകാരമുള്ള റിപ്പോർട്ടും, പരേതനായ ശ്രീ. വിജയൻ കെ. യുടെ മകൻ ശ്രീ.വിപിൻ. വി ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം ടിയാളുടെ യോഗ്യതയ്ക്കനുസരിച്ച് കെ.ടി.ഡി.സി.യിൽ ഹെൽപ്പർ തസ്തികയിലെ

നിലവിലുള്ള ഒഴിവിലേയ്ക്ക് ₹ 17,000- 37500/- രൂപ ശമ്പള സ്കെയിലിൽ ജോലി നൽകുന്നതിന് അനുമതിയ്ക്കായി, 24.06.2024-ൽ ചേർന്ന കെ.ടി.ഡി.സി.യുടെ ബോർഡ് യോഗത്തിലെ 330/10 നമ്പർ തീരുമാനം സഹിതം കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം (7) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. ശ്രീ.വിപിൻ. വി യുടെ അപേക്ഷ പരിശോധിച്ചതിൽ, ടിയാന്റെ അപേക്ഷ സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിനായി പുറപ്പെടുവിച്ച പരാമർശിത സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമാണ്.

3. 14.03.1996-ൽ സർവ്വീസിൽ പ്രവേശിച്ച്, 10.02.2022-ൽ മരണപ്പെട്ട ശ്രീ. വിജയൻ കെ- ക്ക് 25 വർഷം 10 മാസം 27 ദിവസത്തെ സർവ്വീസുണ്ട്. ശ്രീ. വിപിൻ. വി, പരേതനായ ശ്രീ. വിജയൻ. കെ യുടെ നിയമാനുസൃത അവകാശികളിൽ ഒരാളാണെന്ന് തിരുവനന്തപുരം തഹസിൽദാർ അനന്തരാവകാശ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷകന് ജോലി നൽകുന്നതിന് തങ്ങൾക്ക് എതിർപ്പില്ലെന്ന് കാണിച്ചു അനന്തരാവകാശ സാക്ഷ്യപത്രത്തിലുൾപ്പെട്ട മറ്റെല്ലാ അവകാശികളും സമ്മതപത്രവും അപേക്ഷകൻ പരാമർശം(4) പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അടങ്ങിയ സത്യവാങ്മൂലവും ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ₹4,20,223/- (നാല് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) ആണ്. അപേക്ഷകന്റെ ജനന തീയതി 20.01.1993 ആണ്. ബിൽ ക്ളാർക്ക് തസ്തികയിൽ നിയമനത്തിന് അപേക്ഷിച്ചിട്ടുള്ള ശ്രീ. വിപിൻ വി, യുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി വിജയിച്ചിട്ടുള്ളതായതിനാൽ ഹെൽപ്പർ തസ്തികയിൽ നിയമനം നൽകുന്നതിനാണ് KTDC ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തിട്ടുള്ളത്.

4. പരാമർശം (1),(2),(3) പ്രകാരമുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവ ചരിത്രം, ശാരീരികക്ഷമത എന്നിവ സംബന്ധിച്ചു നിയമനാധികാരി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ, കെ.ടി.ഡി.സി.യുടെ ഹെൽപ്പർ

തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ ശ്രീ. വിജയൻ കെ. യുടെ മകൻ തിരുവനന്തപുരം, മുട്ടയ്ക്കാട്, കീഴൂർ, കോളിയൂർ അരുൺ ഭവനിൽ ശ്രീ. വിപിൻ. വി ക്ക് ₹ **17000- 37500/-** രൂപ ശമ്പള സ്കെയിലിൽ കെ.ടി.ഡി.സി.യിലെ ഹെൽപ്പർ തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**5.** കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അപേക്ഷകന് ഔദ്യോഗിക നിയമന ഉത്തരവ് നൽകേണ്ടതും അപേക്ഷകന്റെ സീനിയോറിറ്റി, അപേക്ഷകൻ നൽകിയ അപേക്ഷ പ്രകാരം കണക്കാക്കേണ്ടതുമാണ്. അപേക്ഷകന് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നത് സംബന്ധിച്ച് എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും പരേതന്റെ സേവന പുസ്തകത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ പരാമർശിക്കുന്ന പ്രകാരം ചെയ്യേണ്ടതാണ്. അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയ തെളിയിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസലുകൾ മാനേജിംഗ് ഡയറക്ടർ ടിയാന് നിയമനം നൽകുന്നതിന് മുമ്പായി പരിശോധിച്ച് അവയുടെ സാധുത ഉറപ്പു വരുത്തേണ്ടതാണ്. അപേക്ഷകന് നിയമനം നൽകിയതിന്റെ വിശദാംശങ്ങൾ പരേതനായ ജീവനക്കാരന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ പദ്ധതി പ്രകാരം ജോലിയ്ക്ക് അപേക്ഷ സമർപ്പിച്ചപ്പോഴോ ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തിയപ്പോഴോ അപേക്ഷകൻ എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകുകയോ എന്തെങ്കിലും വിവരം മറച്ചു വയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന് ഭാവിയിൽ ബോധ്യമാകുന്ന പക്ഷം ടിയാന്റെ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ശ്രീ. വിപിൻ. വി, അരുൺ ഭവൻ, കോളിയൂർ, കീഴൂർ, മുട്ടയ്ക്കാട് (പി.ഒ), തിരുവനന്തപുരം- **695523**

ഡയറക്ടർ, ടൂറിസം ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ.
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഈ ) കേരളം, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പ് (30.08.2024 തീയതിയിലെ **PLGEA-BPE2/108/2024-PLGEA** പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 23-10-2024 14:12:13

സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്